Back                                                March 2002

# BIOLOGY AND HEALTH SCIENCE

*Maximum : 50 marks*                                                    *Time : 2 hours*

[ചോദ്യം **1** മുതൽ **8** വരെ ബ്രായ്ക്കറ്റിൽ കൊടുത്തിട്ടുള്ളവയിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് ചോദ്യനമ്പരിനു നേരെ എഴുതുക.]

---

1. രക്താർബുദം എന്ന രോഗം ബാധിക്കുന്നതിന് ഒരു കാരണം .................... ആണ്. ½
[മലിനജലം കുടിക്കുന്നത്; അണുവികിരണം ഏൽക്കുന്നത്; ഇരുമ്പിന്റെ അപര്യാപ്തത; ഹൈഡ്രോകാർബണുകൾ ശ്വസിക്കുന്നത്]

ഉത്തരം

2. ഒരാളുടെ സിംപതറ്റിക് വ്യവസ്ഥ ഉത്തേജിക്കപ്പെടുമ്പോൾ താഴെപ്പറയുന്നവയിൽ ഏതു പ്രതികരണം അയാളിലുണ്ടാകാം? ½
[കണ്ണിലെ കൃഷ്ണമണി സങ്കോചിക്കുന്നു; രക്തം കൂടുതൽ ആന്തരാവയവങ്ങളിലേയ്ക്കു ഒഴുകുന്നു; കണ്ണിലെ കൃഷ്ണമണി വികസിക്കുന്നു; ഹൃദയസ്പന്ദന നിരക്കു കുറയുന്നു.]

ഉത്തരം

3. ഒരു ചെടിയിൽ എഥിലിന്റെ ഉൽപാദനം തടസ്സപ്പെട്ടിരിക്കുന്നു. ഇത് ആ ചെടിയുടെ ഏതു പ്രവർത്തനത്തെ ബാധിച്ചേക്കാം.? ½
[വേരുണ്ടാകൽ; ഫലം പാകമാകൽ; കാണ്ഡ വളർച്ച; പുഷ്പിക്കൽ]

ഉത്തരം

4. ഒരിലയിൽ 70000 കി. കലോറി സൗരോർജ്ജം പതിക്കുന്നുവെന്നിരിക്കട്ടെ. ആ ഊർജ്ജത്തിൽ എത്രമാത്രം അതു സംശ്ലേഷിപ്പിക്കുന്ന ആഹാരത്തിൽ സംഭരിക്കപ്പെടുന്നു? ½
[7 കി.കലോറി; 70 കി.കലോറി; 700 കി. കലോറി; 7000 കി.കലോറി]

ഉത്തരം

5. താഴെപ്പറയുന്നവയിൽ ഏതു മാതാപിതാക്കളുടെ കുഞ്ഞുങ്ങൾക്കാണ് 'എരിത്രോബ്ലാസ്റ്റോസിസ് ഫിറ്റാലിസ്' എന്ന രോഗമുണ്ടാകുവാനുള്ള സാദ്ധ്യതയുള്ളത്? ½
[പിതാവും മാതാവും Rh+ ; പിതാവും മാതാവും Rh- ; പിതാവ് Rh+ മാതാവ് Rh; പിതാവ് ഞവ മാതാവ് Rh+]

ഉത്തരം

6. മനുഷ്യ നേത്രത്തിലെ ദൃഷ്ടിപടലത്തിലെ ഒരു ബിന്ദുവാണ് അന്ധബിന്ദു. അതിൽ .......... ½
[കോണുകളും റോഡുകളും വളരെ കൂടുതലാണ്; കോണുകളും റോഡുകളും വളരെ കുറവാണ്; കോണുകൾ ഇല്ല; റോഡുകൾ ഇല്ല]

ഉത്തരം

7. സാധാരണ വാലുകൾ ഉള്ള ജന്തുക്കൾ ചിലപ്പോൾ വാലുകൾ ഇല്ലാത്ത കുഞ്ഞുങ്ങളെ പ്രസവിക്കാറുണ്ട്. ഇതിനു കാരണം .......... ആകാം. ½
[ഉൽപ്പരിവർത്തനം; പ്രകൃതി നിർദ്ധാരണം; സ്വയാർജ്ജിത സ്വഭാവങ്ങളുടെ പാരമ്പര്യപ്രേഷണം; സ്വതജനനം]

ഉത്തരം

8. ടൈഫസ് ഫീവറിനു കാരണം .......... ആണ്. ½
[ബാക്ടീരിയം; റിക്കറ്റ്സിയേ; വൈറസ്; പ്രോട്ടോസോവ]

ഉത്തരം

**[ചോദ്യം 9 മുതൽ 14 വരെ അപൂർണ്ണ പ്രസ്താവനകൾ ഉചിതമായി പൂരിപ്പിക്കുവാൻ ആവശ്യമായ വാക്കോ, വാക്കുകളോ എഴുതുക.]**

9. കണ്ണിൽ നിന്നും കണ്ണുനീർ ......... എന്ന കുഴലിൽക്കൂടി നാസാഗഹ്വരത്തിൽ എത്തിച്ചേരുന്നു. ½

ഉത്തരം

10. ഒരു ഗ്രാം കൊഴുപ്പിന്റെയും 1 ഗ്രാം മാംസ്യത്തിന്റേയും 1 ഗ്രാം ധാന്യകത്തിന്റേയും ഓക്സീകരണം മൂലം .......... കി. കലോറി താപം ഉണ്ടാക്കുന്നു. ½

ഉത്തരം

11. ഒരപകടത്തിൽപ്പെട്ട് ഒരാളുടെ തലച്ചോറിന്റെ .......... എന്ന ഭാഗത്തിന് കേട് സംഭവിച്ചതു മൂലം അയാൾക്കു നേരരെ നടക്കുന്നതിനുള്ള കഴിവു നഷ്ടപ്പെട്ടു. ½

ഉത്തരം

12. സെറോടോണിൻ എന്ന ഹോർമോൺ സ്രവിക്കുന്നത് .......... ഗ്രന്ഥിയാണ്. ½

ഉത്തരം

13. ജീവികളുടെ വർഗ്ഗീകരണത്തിൽ വിവിധ ഗോത്രങ്ങൾ കൂടിച്ചേർന്ന് ഒരു ........ ആകുന്നു. ½

ഉത്തരം

14. പെരിയാർ ദേശീയ പാർക്ക് മുഖ്യമായും .......... സംരക്ഷണത്തിനുദ്ദേശിച്ചുള്ളതാണ്. ½

ഉത്തരം

15. അ വിഭാഗത്തിൽ കൊടുത്തിട്ടുള്ളവയിൽ ഓരോന്നിനും ഏറ്റവും അനുയോജ്യമായത് ആ വിഭാഗത്തിൽ നിന്നും തെരഞ്ഞെടുത്ത് അതാതിനു നേരെ എഴുതുക. 3

| A | B |
|---|---|
| (a) ഞരമ്പു വീക്കം | (i) കണ്ണിന്റെ മഞ്ഞ നിറം. |
| (b) ക്ഷയം | (ii) ത്വക്കിൽ പൊള്ളലുകൾ. |
| (c) കോളറ | (iii) ലസികാ വാഹിനിയിൽ തടസ്സം. |

(d) മന്ത്  (iv) രക്തം കലർന്ന കഫം.
(e) പേവിഷബാധ  (v) ശരീരത്തിൽ നിന്നും ജലനഷ്ടം.
(f) മഞ്ഞപ്പിത്തം  (vi) റിഫ്ള്കസുകൾ സാവധാനം.
(vii) കീഴ്ത്താടിയുടെ തളർച്ച.

**[ചോദ്യം 16 മുതൽ 29 വരെ ഒന്നോ, രണ്ടോ, വാക്യത്തിൽ ഉത്തരം എഴുതുക.]**

16. യുസ്റ്റേക്കി നാളി എന്നാലെന്ത് ? അതിന്റെ ധർമ്മമെന്ത്? 1

ഉത്തരം

17. ഒരു കുളത്തിലെ ജലം തൊട്ടടുത്തുള്ള ഒരു ഫാക്ടറിയിൽ നിന്നും ഒഴുകിച്ചേർന്ന സോപ്പു പോലുള്ള പദാർത്ഥങ്ങൾ കൊണ്ട് മലിനമായിരിക്കുന്നു. ഇത് അതിലെ ജലജീവികളെ എങ്ങനെ ബാധിക്കും? 1

ഉത്തരം

18. ഭൂമുഖത്തു പ്രത്യക്ഷപ്പെട്ട ആദ്യത്തെ ജീവവസ്തു ഏത്? അതു ജീവവസ്തുവാണെന്നു കരുതുമാൻ കാരണമെന്ത്? 1

ഉത്തരം

19. ഡോക്ടർമാർ ഇപ്പോൾ കുത്തിവയ്പിനായി ഒരു കുത്തിവയ്പിനുശേഷം ഉപേക്ഷിക്കുന്ന ഡിസ്പോസബിൾ സിറിഞ്ചും സൂചിയും ഉപയോഗിക്കുവാൻ നിഷ്കർഷിക്കുന്നു. എന്തുകൊണ്ട്? 1

ഉത്തരം

20. പക്ഷാഘാതത്തിനുള്ള പ്രധാന കാരണങ്ങളേവ? 1

ഉത്തരം

21. ഗർഭിണികളായ സ്ത്രീകളിൽ ചിലപ്പോൾ ഓക്സിടോസിൻ കുത്തിവയ്ക്കാറുണ്ട്. എന്തിനായിരിക്കാം ഇത്.? 1

ഉത്തരം

22. താഴെക്കൊടുത്തിരിക്കുന്നവയിൽ ഏതെല്ലാമാണ് പ്രാഥമിക ഉപഭോക്താക്കൾ? 1

(ആന, ഓന്ത്, പുൽച്ചാടി, സിംഹം, പരുന്ത്)

ഉത്തരം

23. നമ്മുടെ മുഖത്ത് ഒരാൾ ടോർച്ച് അടിച്ചാൽ കണ്ണുകൾ ഉടൻ അടയുന്നു. കാരണമെന്ത്? 1

ഉത്തരം

24. മന്തുരോഗികളുടെ കൈകാലുകൾ തടിച്ചു വീർക്കുന്നു. കാരണമെന്ത്? 1

ഉത്തരം

25. പ്ലാസ്റ്റിക് വളരെയേറെ ഉപയോഗമുള്ള പദാർത്ഥമാണെങ്കിലും അതു നമ്മുടെ പരിസ്ഥിതിയിലെ ഒരു പ്രധാന മലിനീകാരിയായിത്തീരുന്നു. എന്തുകൊണ്ട്? 1

ഉത്തരം

26. മറ്റു ചില ജന്തുക്കളുടെ ചെവിയുമായി താരതമ്യപ്പെടുത്തിയാൽ നമ്മുടെ ചെവികൾക്ക് ചില പരിമിതികളുള്ളതായി കാണാം. എന്താണവ? 1

ഉത്തരം

27. സംഖ്യാ പിരമിഡ് അഥവാ ജീവപിണ്ഡ പിരമിഡ് എന്നാലെന്ത്? 1

ഉത്തരം

28. ഒരു നാഡീ ആവേഗത്തിന് ഒരു ആക്സണൈറ്റിൽനിന്നും ഒരു ഡെൻഡ്രൈറ്റിലേക്കു മാത്രമേ കടക്കുവാൻ കഴിയൂ. മറിച്ച് ഒരു ഡെൻഡ്രൈറ്റിൽ നിന്നും ആക്സണൈറ്റിലേക്ക് കടക്കുവാൻ സാധിക്കുന്നില്ല. എന്തായിരിക്കും കാരണം? 1

ഉത്തരം

29. പുകവലി ഹൃദ്രോഗികൾക്ക് വളരെയേറെ അപകടകരമാണ്. എന്തുകൊണ്ട്? 1

ഉത്തരം

**[ചോദ്യം 30 മുതൽ 37 വരെ നാലു വാക്യത്തിൽ കവിയാതെ ഉത്തരം എഴുതുക]**

30. മരങ്ങളുടെ തണലിൽ വളരുന്ന ചെടികൾ നേരിട്ടു സൂര്യപ്രകാശം ഏറ്റു വളരുന്ന ചെടികളേക്കാൾ പൊക്കമുള്ളവയാകുന്നു. എന്താണു കാരണം? 2

ഉത്തരം

31. പുകമഞ്ഞ് (Smog) എന്നാലെന്ത് ? അത് ആളുകളുടെ ആരോഗ്യത്തെ എങ്ങനെ ബാധിക്കുന്നു? 2

ഉത്തരം

32. 'നിലനില്പിനു വേണ്ടിയുള്ള സമരം' എങ്ങനെ ജീവപരിണാമ പ്രക്രിയയ്ക്കു സഹായകമാകുന്നു? 2

ഉത്തരം

33. വികിരണ ചികിത്സ എന്നാലെന്ത് ? അതെന്തിന് ഉപയോഗിക്കുന്നു? 2

ഉത്തരം

34. ശരീരത്തിൽ സുഷുമ്നയുടെ പ്രധാന്യമെന്ത്? 2

ഉത്തരം

35. ആഹാരത്തെ ശരീര കലയാക്കി മാറ്റുന്നതിൽ സസ്യങ്ങൾ ജന്തുക്കളേക്കാൾ കൂടുതൽ കാര്യക്ഷമത പ്രകടിപ്പിക്കുന്നു. എന്തുകൊണ്ട്? 2

ഉത്തരം

36. നമ്മുടെ രക്തത്തിൽ ഗ്ലൂക്കോസിന്റെ സാധാരണ തോതെന്ത്? അത് എങ്ങനെ സ്ഥിരമായി നിലനിർത്തപ്പെടുന്നു? 2

ഉത്തരം

37. ഒരാളുടെ മാനസികാരോഗ്യത്തെ സ്വാധീനിക്കുന്ന ഘടകങ്ങളേവ? 2

ഉത്തരം

38. സസ്യങ്ങൾ മണ്ണിൽ നിന്നും തുടർച്ചയായി നൈട്രജൻ സംയുക്തങ്ങൾ ഉപയോഗിക്കുന്നുണ്ട് എങ്കിലും മണ്ണിൽ അവയുടെ അനുപാതം സ്ഥിരമായി നിലനില്ക്കുന്നു. എങ്ങനെ? 3

ഉത്തരം

39. ജീവപരിണാമ സിദ്ധാന്തത്തിന് ഉപോത്ബലകമായി ഫോസിലുകൾ നൽകുന്ന ഏതെങ്കിലും ആറു തെളിവുകൾ എഴുതുക. 3

ഉത്തരം

40. മനുഷ്യ നേത്രത്തിന്റെ ഘടന കാണിക്കുന്ന ഒരു ചിത്രം വരച്ച് താഴെ പറയുന്ന ഭാഗങ്ങൾ അടയാളപ്പെടുത്തുക: 4

(a) കോർണിയ (b) ഐറിസ്
(c) രക്തപടലം (d) പീത ബിന്ദു
(e) അക്വസ് അറ (f) കൃഷ്ണമണി

ഉത്തരം

--------------------

up